പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1041**

10.08.2017-ൽ മറുപടിക്ക്

## മുള്ളറവിള- ആയയിൽ, കന്നിപുരം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ മുള്ളറവിള- ആയയിൽ, കന്നിപുരം എന്നീ പാലങ്ങളുടെ നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തിയായോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ആയയിൽ- മുള്ളറവിള പാലത്തിന് കിഫ്ബി-യിൽ നിന്നും റീ-ഡിസൈൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റീ-ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നു വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിവൈസ്ഡ് ഡിസൈൻ ലഭ്യമായാൽ മാത്രമേ ഡി.പി.ആർ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബി-ക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂ. കന്നിപുരം പാലത്തിന്റെ ഡി.പി.ആർ പൂർത്തിയാക്കി അംഗീകാരത്തിനായി കിഫ്ബി-ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പാലങ്ങളുടെ ഡി.പി.ആർ. കിഫ്ബിയിൽ സെപ്റ്റംബർ 2017-നു മുൻപ് സമർപ്പിക്കാൻ കഴിയുമോ; | (ബി) | കന്നിപുരം പാലത്തിന്റെ ഡി.പി.ആർ കിഫ്ബി-യിൽ സമർപ്പിച്ചിട്ടുണ്ട്. ആയയിൽ പാലത്തിന്റെ ഡി.പി.ആർ 2017 സെപ്റ്റംബർ മാസത്തിൽ സമർപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മുള്ളറവിള- ആയയിൽ, കന്നിപുരം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പി.ഡബ്ല്യു.ഡി. ബ്രിഡ്ജ് വിഭാഗം ഏതൊക്കെ രേഖകൾ ആണ് കിഫ്ബിയ്ക്ക് നൽകേണ്ടത്; വിശദമാക്കുമോ? | (സി) | മുള്ളറവിള- ആയയിൽ, കന്നിപുരം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗം, വിശദമായ എസ്റ്റിമേറ്റ്, അലൈൻമെന്റ്, പ്രോജക്റ്റിന്റെ സാധ്യതാ പഠനം അടങ്ങുന്ന വിശദമായ റിപ്പോർട്ട്, ഡിസൈൻ ഡ്രോയിംഗുകൾ മുതലായവ അടങ്ങിയ ഡി.പി.ആർ ആണ് കിഫ്ബി-യിൽ സമർപ്പിക്കേണ്ടത്. ഇതിൽ കന്നിപുരം പാലത്തിന്റെ ഡി.പി.ആർ കിഫ്ബി-യിൽ സമർപ്പിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ